1

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1308

08.2.2013- ൽ
മറുപടിക്ക്

## <u>കയർമേഖലയിലെ പുനരുദ്ധാരണ പദ്ധതികൾ</u>

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ)കയർ വകുപ്പിന്റേതായി എത്ര ഓഫീസുകളും ഉദ്യോഗസ്ഥരുമാണ് വൈപ്പിൻ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നത്; വകുപ്പിന്റെ ഉടമസ്ഥതയിൽ വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള സ്ഥലം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ കയർ വകുപ്പിന്റെ ഒരു ഓഫീസാണ് പ്രവർത്തിക്കുന്നത്. (കയർ ഇൻസ്പെക്ടർ ഓഫീസ് ഞാറക്കൽ) ഈ ഓഫീസിൽ ആകെ 4 ജീവനക്കാരാണ് ഉള്ളത്.<br>കയർ വകുപ്പിന്റെ ഉടമസ്ഥതയിൽ വൈപ്പിൻ മണ്ഡലത്തിൽ സ്ഥലം ഇല്ല. നിലവിലുള്ള കയർ ഇൻസ്പെക്ടർ ഓഫീസ് പള്ളിപ്പുറം പഞ്ചായത്തിന്റെ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രസ്തുത പ്രദേശത്ത് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ബി) കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി പ്രസ്തുത പ്രദേശത്ത് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഞാറയ്ക്കൽ കയർ ഇൻസ്പെക്ടർ ഓഫീസിന്റെ പരിധിയിൽ വരുന്ന ചില സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകാനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ